പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം. 1754 — 04.12.2015 ൽ മറുപടിയ്ക്ക്

## ഇൻഫർമേഷൻ കേരള മിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) ഇൻഫർമേഷൻ കേരള മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്താണ്; ഈ മിഷൻ പ്രവർത്തനം ആരംഭിച്ചത് എന്നാണ്; എത്ര വർഷം കൊണ്ട് ഈ മിഷന്റെ പ്രവർത്തനം പൂർത്തീകരിക്കുമെന്നാണ് ആരംഭ കാലത്ത് പ്രഖ്യാപിച്ചിരുന്നത്; വ്യക്തമാക്കാമോ; | എ) ഇൻഫർമേഷൻ കേരള മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. 1999 ജൂണിലാണ് ഈ മിഷൻ പ്രവർത്തനം ആരംഭിച്ചത്. ഈ മിഷന്റെ പ്രവർത്തനം 31.03.2001 ന് പൂർത്തീകരിക്കുന്നതായാണ് 12.08.1999 ലെ സ.ഉ.(എം.എസ്) നം.38/99/പ്ലാനിംഗ് നമ്പർ ഉത്തരവിൽ വിഭാവനം ചെയ്തിട്ടുള്ളത്. |
| ബി) ഈ മിഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്ഥിരം/ താൽക്കാലികം ആയി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലടക്കം എത്ര പേർ ഏതെല്ലാം തസ്തികകളിൽ ജോലി ചെയ്യുന്നു; ഇവരുടെ നിയമനം എങ്ങനെയാണ് നടത്തുന്നത്; വിശദമാക്കാമോ; | ബി) ഇൻഫർമേഷൻ കേരള മിഷനിൽ ഹെഡ് ക്വാർട്ടേഴ്സിലും, തദ്ദേശ ഭരണ സ്ഥാപനങ്ങളിലുമടക്കം 370 ജീവനക്കാർ താഴെ പറയും പ്രകാരം നിലവിൽ ജോലി ചെയ്ത് വരുന്നുണ്ട്. പത്രപ്പരസ്യം മുഖേനയും, ക്യാമ്പസ് റിക്രൂട്ട്മെന്റ് മുഖേനയും, ദിവസവേതനാടിസ്ഥാനത്തിലും കൺസോളിഡേറ്റഡ് ശമ്പളത്തിലുമാണ് ഇവരെ നിയമിച്ചിട്ടുള്ളത്. |

- റിസപ്ഷനിസ്റ്റ് - 2
- മെസഞ്ചർ - 1
- ജൂനിയർ അസിസ്റ്റന്റ് - 2
- അസിസ്റ്റന്റ് - 3
- സീനിയർ അസിസ്റ്റന്റ് -4
- ലൈബ്രേറിയൻ - 1
- അസിസ്റ്റന്റ് മാനേജർ -12
- മാനേജർ -5
- സീനിയർ മാനേജർ -2
- ടെക്നിക്കൽ അസിസ്റ്റന്റ് -38

- ജൂനിയർ ടെക്നിക്കൽ ഓഫീസർ-140
- ടെക്നിക്കൽ ഓഫീസർ -105
- സീനിയർ ടെക്നിക്കൽ ഓഫീസർ-23
- ജൂനിയർ പ്രോഗ്രാമർ -1
- ജൂനിയർ പ്രോഗ്രാമർ I -2
- പ്രോഗ്രാമർ - 16
- സീനിയർ പ്രോഗ്രാമർ -8
- മാനേജർ, ടെക്നിക്കൽ -5

| | | | |
|---|---|---|---|
| സി) | നാളിതുവരെ ഈ ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് പ്രവർത്തനചെലവുകൾക്കുമായി വിനിയോഗിച്ച തുകയെത്രയാണ് ; വ്യക്തമാക്കുമോ; | സി) | 1999 മുതൽ 26.11.2015 വരെ 83,02,45,335/- രൂപ ജീവനക്കാരുടെ ശമ്പളത്തിനും മറ്റു പ്രവർത്തന ചെലവുകൾക്കുമായി വിനിയോഗിച്ചിട്ടുണ്ട്. |
| ഡി) | എന്നത്തേയ്ക്ക് ഈ മിഷന്റെ ലക്ഷ്യം പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | ഡി) | തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇ-ഗവേണൻസ് പ്രവർത്തനമാരംഭിച്ചിട്ടുള്ളതിനാലും ആയത് ഒരു തുടർ പ്രവർത്തനം ആയതിനാലും ഈ മിഷന്റെ ലക്ഷ്യം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് ഇപ്പോൾ പറയുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

1. വികേന്ദ്രീകരണത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് ഇ-ഗവേണൻസ് നേട്ടങ്ങളെ മുൻനിർത്തി തദ്ദേശ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള രീതിശാസ്ത്രം രൂപപ്പെടുത്തുക.

2. സർക്കാർ വകുപ്പുകൾ / സംസ്ഥാന / കേന്ദ്ര / അന്തരദേശീയ തലത്തിലെ ഏജൻസികൾ, ധനകാര്യ സ്ഥാപനങ്ങൾ, ഉഭയകക്ഷി, ബഹുകക്ഷി ഏജൻസികൾ സർക്കാർ ഇതര സ്ഥാപനങ്ങൾ അക്കാദമിക / ഗവേഷണ സ്ഥാപനങ്ങൾ മുതലായവയുമായി സഹകരിച്ച് തദ്ദേശ ഭരണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ വിവര സാങ്കേതികവിദ്യ / ഇ-ഗവർണൻസ് പദ്ധതികൾ നിരീക്ഷിക്കുന്നതിനും നടപ്പിൽ വരുത്തുന്നതിനും ഒരു നോഡൽ ഏജൻസിയായി പ്രവർത്തിക്കുക.

3. ഭരണപരമായ പരിഷ്ക്കാരം, ഉത്തരവാദിത്വം, സുതാര്യത എന്നിവയിലൂടെ പൗരസേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിവര സാങ്കേതിക വിദ്യയുടെ പ്രായോഗികത തദ്ദേശസ്ഥാപനങ്ങളിൽ സംയോജിപ്പിക്കുന്നതിനു ആവശ്യമായ പദ്ധതികൾ രൂപവൽക്കരിക്കുക.

4. സുസ്ഥിര വികസനത്തിന് ഭൗമ വിവര സാങ്കേതിക വിദ്യ അടക്കമുള്ള ഗവേഷണ വികസന പദ്ധതികൾ ആവിഷ്കരിച്ച് തദ്ദേശസ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ട ഉചിതമായ സോഫ്റ്റ്‌വെയറുകൾ വികസിപ്പിക്കുക.

5. സത്വരവും സമഗ്രവുമായ പദ്ധതികൾ ആവിഷ്കരിച്ച് പൗര സേവനങ്ങൾ മെച്ചപ്പെടുത്തുവാൻ ആവശ്യമായ പൗരബന്ധിതമായ സങ്കേതങ്ങൾ സാമൂഹ്യ വിവര സഞ്ചയങ്ങൾ ഉപയോഗപ്പെടുത്തി സമയബന്ധിതമായി പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള വിവിധ സോഫ്റ്റ്‌വെയറുകൾ വികസിപ്പിച്ചു നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുക.

6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ പ്രവർത്തനങ്ങളും ഇ-ഗവേണൻസ് സാധ്യതകൾ ഉപയോഗിച്ച് ഉത്തരവാദിത്വത്തോടും, സുതാര്യമായും, സുഗമമായും, കാര്യക്ഷമമായും കമ്പ്യൂട്ടർ വൽക്കരിക്കുക.

7. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ സുഗമമായി പ്രവർത്തിക്കുന്നതിനായി ജീവനക്കാർക്ക് ഹാർഡ്‌വെയറിലും, സോഫ്റ്റ്‌വെയറിലും പരിശീലനങ്ങൾ നൽകുക.

8. ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനു വേണ്ടി ആവശ്യമായ ഏതെങ്കിലും പ്രത്യേക സേവനം മുറപോലെ രാജ്യത്തെ അകത്തും പുറത്തും നൽകുന്നതിനും, പുതിയ പ്രൊജെക്ടുകൾ രൂപീകരിക്കുന്നത് വഴി ദേശീയ അന്തർദേശീയ തലത്തിലെ സർക്കാർ, സർക്കാരേതര, ധനകാര്യസ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുക.

9. മൂല്യനിർണ്ണയപഠനങ്ങൾ, പരിശീലന പരിപാടികളും ശില്പശാലകളും സംഘടിപ്പിക്കുക, സെമിനാറുകൾ, പൊതുചർച്ച, സമ്മേളനങ്ങൾ നടത്തുക. ജേണലുകളും, ആനുകാലികങ്ങളും പത്രകുറിപ്പുകളും പ്രസിദ്ധീകരിക്കുക വഴി ലക്ഷ്യങ്ങൾ കൈവരിക്കുക

10. വികസനത്തിനായി ലഭ്യമായ സാങ്കേതിക വിഭവങ്ങളും സേവനങ്ങളും ക്രോഡീകരിച്ച് ആവശ്യം വേണ്ട സമയം ലഭ്യമാക്കുക.